"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ലാനർ ശ്രീമതി ജിജി ഭാസ്കരൻ.പി. - ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.726/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 19/03/2021

പരാമർശം:- 1. 20.05.2020 തീയതിയിലെ സ.ഉ(സാധാ) നം.927/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് .

2. മുഖ്യനഗരാസൂത്രകന്റെ 17.02.2021 ലെ TCPCTP/2338/2020-A3 നമ്പർ കത്ത്.

3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 04.11.2020ലെ GE11/A/TPJ-31/1070നമ്പർ കത്ത്.

ഉത്തരവ്

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റം ലഭിച്ച് 27.05.2020 പൂർവാഹ്നം കണ്ണൂർ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി ജിജി ഭാസ്കരൻ.പി , ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം 27.11.2020-ന് പൂർത്തിയായിട്ടുള്ളതായും നിരീക്ഷണ കാലയളവിലെ ടിയാളുടെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാളുടെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാളുടെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

ടിയാൾ നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും എടുത്തിയിട്ടില്ലായെന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 27.05.2020 പൂർവ്വാഹ്നത്തിൽ ഡെപ്യൂട്ടി ടൗൺ പ്ലാനർ തസ്തികയിൽ കണ്ണൂർ ജില്ലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ശ്രീമതി.ജിജി ഭാസ്കരൻ.പി.യ്ക്ക് ടി തസ്തികയിലെ നിരീക്ഷണകാലം കെ.എസ്.&എസ്.എസ്ആർ റൂൾ 20 (ബി) പ്രകാരം 28.11.2020 തീയതി പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജോൺ വി സാമുവൽ ഐ എ എസ്**
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീമതി ജിജി ഭാസ്കരൻ പി ഡെപ്യൂട്ടി ടൗൺ പ്ലാനർ,മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/65/2021-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ